പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1779 10.02.2020-ൽ മറുപടിയ്ക്ക്

## ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഗതാഗത സംവിധാനം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി CNG, LPG, LNG എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾ 2020 മാർച്ച് 31-നുള്ളിൽ CNG, LNG, LPG, ഇലക്ട്രിക് ബദൽ സംവിധാനങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | ഇലക്ട്രിക് വാഹനങ്ങളുടെ നികുതി ഗണ്യമായി കുറച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് ആദ്യ 5 വർഷത്തേയ്ക്ക് നികുതിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയിലും ആദ്യത്തെ 5 വർഷത്തേയ്ക്ക് 25% കുറവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 25000/- രൂപ മുതൽ 30000/- രൂപ വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇത്തരം ഓട്ടോറിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് കൂടുതൽ ചാർജിംഗ് പോയന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.യുമായി ധാരണയിലെത്തിയിട്ടുണ്ട്.സെക്രട്ടേറിയറ്റിൽ പ്രാഥമിക നടപടിയെന്ന നിലയിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പൊതുയാത്രാവാഹനങ്ങളെ കൂടുതലായി ആശ്രയിക്കുകയും അതുവഴി ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറക്കുന്നതിന് വേണ്ടി പ്രചരണപരിപാടികൾ സംഘടിപ്പിക്കുമോ; വിശദീകരിക്കുമോ? | (ഡി) | ഇലക്ട്രിക് വെഹിക്കിൾ പോളിസിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് Auto expo സംഘടിപ്പിച്ചിരുന്നു. കൂടാതെ ശ്രീ.ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗും ഗതാഗത വകുപ്പും സംയുക്തമായി ഒരു e-mobility സിമ്പോസിയം സംഘടിപ്പിച്ചിരുന്നു.<br>തുടർന്നും ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ